# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3399** **23/06/2014-ൽ മറുപടിയ്ക്ക്**

## തീരദേശ പരിപാലനത്തിന് പ്രത്യേക പദ്ധതി

**ചോദ്യം**
**ശ്രീ. ജെയിംസ് മാത്യു:**

**മറുപടി**
**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) തീരദേശ പരിപാലനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എ) തീരദേശ പരിപാലനത്തിന് ഫിഷറീസ് വകുപ്പിലോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലോ പദ്ധതികൾ ഒന്നുംതന്നെ ഇല്ല. എന്നാൽ ജലസേചന വകുപ്പിൽ കടൽ ഭിത്തി നിർമ്മാണവും പരിപാലനവും ഏറ്റെടുക്കുന്നുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിലും നബാർഡ് സ്കീമിലും സംസ്ഥാന സർക്കാരിന്റെ വെള്ളപ്പൊക്ക ക്കെടുതി ഫണ്ടിലും ഉൾപ്പെടുത്തിയാണ് ജലസേചന വകുപ്പിൽ കടൽഭിത്തി നിർമ്മാണവും നവീകരണവും നടക്കുന്നത്.

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയിൽ നിന്ന് ഫണ്ട് അനുവദിച്ച് കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഫിഷറീസ് വകുപ്പിനോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോ ഏജൻസിയിൽ നിന്നും ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ ജലസേചന വകുപ്പിന് കടൽ ഭിത്തി നിർമ്മാണത്തിന് സംസ്ഥാന ബഡ്ജറ്റ് വിഹിതം കൂടാതെ ധനകാര്യ കമ്മീഷനിൽ നിന്നും ഫണ്ട് ലഭ്യമാകുന്നുണ്ട്. ഇത് കൂടാതെ നബാർഡിന്റെ ധനസഹായവും ലഭിക്കാറുണ്ട്.

(സി) കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയുടെ കരകളിലും, ചെറുദ്വീപുകളിലും, മണലൂറ്റ് നടത്തുന്നതിന്റെ ഫലമായി നദീതീരവും ദ്വീപുകളും ക്രമേണ നശിച്ചുകൊണ്ടിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫിഷറീസ് വകുപ്പിലോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലോ പരാതി ലഭിച്ചിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച പരാതി ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിഹാരം കാണാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) ജലസേചന വകുപ്പിൽ റിവർ മാനേജ്മെന്റ് ഫണ്ട്, സംസ്ഥാന ഗവൺമെന്റിന്റെ വെള്ളപ്പൊക്കകെടുതി ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് പുഴകളുടെ കരസംരക്ഷണ പ്രവൃത്തി നടന്നുവരുന്നു.

1. പാമ്പുരുത്തി ദ്വീപിൽ ബാദർ മസ്ജിദിനു സമീപം 138 മീറ്റർ നീളത്തിൽ പുഴ സംരക്ഷണ പ്രവൃത്തി RMF ഉപയോഗിച്ച് ഈ വർഷം പൂർത്തിയാക്കിയിട്ടുണ്ട്.

2. പാമ്പുരുത്തി പാലത്തിന് താഴെ ഭാഗത്തായി 115 മീറ്റർ നീളത്തിൽ വെള്ളപ്പൊക്കക്കെടുതി ഫണ്ടുപയോഗിച്ച് 20 ലക്ഷത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

3. സി.എച്ച് ദ്വീപ്, എ.കെ.ജി ദ്വീപ് എന്നീ ദ്വീപുകളുടെ സംരക്ഷണത്തിനായി എസ്റ്റിമേറ്റുകൾ പുതുക്കിയ നിരക്കിൽ തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| (ഇ) | ഇതിനായി ഇറിഗേഷൻ വകുപ്പിനേയും തുറമുഖവിഭാഗത്തിനേയും യോജിപ്പിച്ചുള്ള പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ജലസേചന വകുപ്പും തുറമുഖവകുപ്പും ചേർന്ന് പ്രശ്ന പരിഹാരത്തിന് ശ്രമിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ